പതിനഞ്ചാം കേരള നിയമസഭ

ബുള്ളറ്റിൻ ഭാഗം - 2

2021 ജൂലൈ 15

നമ്പർ : 55

<u>28.07.2021 – ലെ ചോദ്യങ്ങളുടെ പട്ടികയും നറുക്കെടുപ്പും സംബന്ധിച്ച്</u>

08.07.2021-ലെ ബുള്ളറ്റിൻ (ഭാഗം-2) 45, 46 എന്നിവ പ്രകാരം 21.07.2021-ലേക്കുള്ള ചോദ്യങ്ങൾക്കായി 10.07.2021-ന് നറുക്കെടുപ്പ് നടത്തുകയും നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെയും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെയും പട്ടിക ഇതിനകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നറുക്കെടുപ്പ് പട്ടികയും ചോദ്യങ്ങളുടെ പട്ടികയും, രണ്ടാം സമ്മേളനത്തിന്റെ പുതുക്കിയ കലണ്ടർ പ്രകാരം മുഖ്യമന്ത്രി, ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി, തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി എന്നിവർ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ നിശ്ചയിച്ചിട്ടുള്ള ആദ്യദിവസമായ 28.07.2021-ലേക്ക് മാറ്റി നൽകിയിട്ടുണ്ട്. ആയതിനാൽ 28.07.2021-ലേക്ക് ചോദ്യനോട്ടീസുകൾ സ്വീകരിക്കുന്നതും അന്നേ ദിവസത്തേക്കുള്ള ചോദ്യങ്ങളുടെ നറുക്കെടുപ്പും ഒഴിവാക്കിയിരിക്കുന്നു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി.